⇨ *ഭരണഘടനപ്രകാരം സംസ്ഥാനത്തിന് കൈകാര്യം ചെയ്യാവുന്ന വിഷയങ്ങളാണ് ഇതെല്ലാം* ⇨

# പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ:
# കൊക്കക്കോളയുടെ ഇടപെടലുകളെ സമരം എങ്ങനെ മറികടക്കും?

കേരള നിയമസഭ ഏകകണ്ഠമായി പാസാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം രാഷ്ട്രപതി അനുമതി നൽകുന്നത് തടഞ്ഞുവെച്ചിരിക്കുന്ന (withhold assent) അനീതിപൂർണ്ണവുമായ സംഭവത്തോട് പ്രതികരിക്കുന്നു
പ്ലാച്ചിമട ഉന്നതാധികാര സമിതി അംഗമായിരുന്ന

**എസ്. ഫെയ്സി**

**അന്തിമ അനുമതിക്കായി കൈമാറിയ ബില്ലുകൾ തിരിച്ചയയ്ക്കുതിനോ, തടഞ്ഞുവെക്കുതിനോ ഭരണഘടനയുടെ ആർട്ടിക്കിൾ 201 രാഷ്ട്രപതിക്ക് അധികാരം നൽകുന്നുണ്ട്. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ രാഷ്ട്രപതി തിരിച്ചയച്ചിരിക്കുന്നത് 'വിത്ത്ഹോൾഡ് അസന്റ്' (withhold assent) എന്ന നിലയിലാണ്. ബിൽ സംസ്ഥാന ഗവർണർ വഴി ഇവിടേക്ക് തിരിച്ചയക്കുമ്പോൾ രാഷ്ട്രപതി എന്തെങ്കിലും സന്ദേശം നൽകിയിട്ടുണ്ടോ? സംസ്ഥാന സർക്കാരിന് ഇനി എന്താണ് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുക?**

സർക്കാരിന് വേണമെങ്കിൽ സ്വന്തമായി നിയമം നിർമ്മിക്കാം. ഈ ബില്ലിൽ സംസ്ഥാന വിഷയങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടാണ് നിയമമുണ്ടാക്കിയിട്ടുള്ളത്. ജലം, തൊഴിൽ, കൃഷി, കന്നുകാലി സംരക്ഷണം എന്നീ വിഷയങ്ങൾ പരിഗണിച്ചാണ് നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള ട്രിബ്യൂണൽ രൂപീകരിക്കാൻ ബിൽ കൊണ്ടുവന്നത്. ആ വിഷയങ്ങളിലുണ്ടായ നഷ്ടങ്ങളെ സംബന്ധിച്ചാണ് നിയമം നിർമ്മിച്ചിട്ടുള്ളത്. അതിൽ കൂടുതൽ വിഷയങ്ങൾ പരിഗണിക്കാവുന്നതാണ്. ഭൂഗർജല ശോഷണത്തിന്റെ പ്രശ്നം ഉന്നതാധികാര സമിതി അന്ന് നഷ്ടപരിഹാരത്തിന്റെ കൂട്ടത്തിൽ കണക്കാക്കിയിട്ടില്ല. ഭരണഘടനപ്രകാരം സംസ്ഥാനത്തിന് കൈകാര്യം ചെയ്യാവുന്ന വിഷയങ്ങളാണ് ഇതെല്ലാം. പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനെക്കുറിച്ച് കേന്ദ്ര സർക്കാർ മുമ്പ് പറഞ്ഞ തടസ്സങ്ങൾ തന്നെയാണ് ഇപ്പോഴും ആവർത്തിക്കുന്നത്. ഇതിനെല്ലാം വ്യക്തമായ മറുപടി പലതവണ കൊടുത്തിട്ടുണ്ട്. ആ മറുപടികൾ കേന്ദ്രത്തിന് ബോധ്യപ്പെട്ടിട്ടുമുണ്ട്. എന്നിട്ടും ദേശീയ ഹരിത ട്രിബ്യൂണലിനെ സമീപിക്കാനാണ് അവർ ഇപ്പോഴും പറയുന്നത്. ഹരിത ട്രിബ്യൂണൽ നിയമത്തിൽ പറയുന്ന കാലപരിധിക്ക് മുമ്പുണ്ടായതാണ് പ്ലാച്ചിമട പ്രശ്നം. അതിനാൽ തന്നെ ഹരിതട്രിബ്യൂണലിനെ സമീപിക്കണം എന്ന കേന്ദ്ര സർക്കാറിന്റെ നിർദ്ദേശം നിലനിൽക്കുന്നതല്ല.

സംസ്ഥാനത്തിന്റെ വിഷയങ്ങളിൽ മാത്രം ഊന്നിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളതെന്നും കേന്ദ്രത്തിലേക്ക് പോകേണ്ടതില്ലെന്നുമെല്ലാം ആമുഖത്തിൽ സൂചിപ്പിച്ചുകൊണ്ട് പുതിയതായി നിയമമുണ്ടാക്കാം എന്നതാണ് ഇനി ആലോചിക്കാവുന്ന ഒരു മാർഗ്ഗം. അതല്ലെങ്കിൽ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ഭേദ

**⇨ വാട്ടർ ആക്ട് അനുസരിച്ച് 2007ൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് കൊക്കക്കോളയ്ക്ക് നോട്ടീസ് കൊടുത്തതാണ് ⇨**




ഗതി ചെയ്യാം. ഗുജറാത്ത് കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈം ആക്ട് മൂന്നു പ്രാവശ്യമാണ് ഭേദഗതികളോടെ ഗുജറാത്ത് നിയമസഭ പാസാക്കി രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചത്. മൂന്ന് തവണയും രാഷ്ട്രപതിയുടെ അനുമതി ലഭിക്കാത്തതിനാൽ, ഈ ഭീകരവിരുദ്ധ നിയമം ഇപ്പോൾ നാലാം തവണ ഗുജറാത്ത് നിയമസഭ പാസാക്കിയിരിക്കുകയാണ്.

പ്ലാച്ചിമട ട്രിബ്യൂണൽ ബില്ല് ഭേദഗതികളോടെ വീണ്ടും പാസാക്കുക എന്നതു കൂടാതെ ചില കാര്യങ്ങൾ കൂടി കേരള സർക്കാർ ഉടൻ പരിഗണിക്കേണ്ടതുണ്ട്. എസ്.സി-എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരം കൊക്കക്കോള കമ്പനിക്കെതിരെ കേസ് ഫയൽ ചെയ്ത് കുറ്റവിചാരണ നടത്താനുള്ള നടപടി എടുക്കുക എന്നതാണ് അതിൽ പ്രധാനം. പിന്നെ വാട്ടർ ആക്ട് അനുസരിച്ച് 2007ൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് കൊക്കക്കോളയ്ക്ക് നോട്ടീസ് കൊടുത്തതാണ്. പക്ഷെ ഇതുവരെയും കേസ് എടുത്തിട്ടില്ല. അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുകയും കേസ് എടുക്കുകയും വേണം. അമേരിക്കൻ പ്രതിനിധികളും കോളയുടെ ഉദ്യോഗസ്ഥന്മാരും കേന്ദ്ര മന്ത്രാലയങ്ങളിൽ കയറി ഇറങ്ങുന്നുണ്ട്. അവരുടെ സമ്മർദ്ദവും സ്വാധീനവും കൊണ്ടാണ് ബില്ലിന്റെ കാര്യത്തിൽ ഇങ്ങനെ സംഭവിക്കുന്നത്. എന്നിട്ടും കേരള സർക്കാർ ഇക്കാര്യത്തിൽ കാണിക്കുന്ന അലംഭാവത്തിന് ന്യായീകരണമില്ല.

ബില്ല് പാസ്സായിരുന്നെങ്കിൽ ട്രിബ്യൂണൽ രൂപീകൃതമാകുമായിരുന്നു. പ്ലാച്ചിമടയിലെ ജനങ്ങൾക്ക് ട്രിബ്യൂണലിന് മുമ്പാകെ പരാതി നൽകാൻ കഴിയുമായിരിക്കും. പക്ഷെ അപ്പോഴെന്താണ് സംഭവിക്കുക? കൊക്കക്കോള വീണ്ടും ഇടപെടാൻ സാധ്യതയുണ്ട്. നിലവിൽ ട്രിബ്യൂണൽ ബില്ലുമായി ബന്ധപ്പെട്ട വിഷയത്തിൽ കോള കമ്പനിക്ക് കോടതിയിൽ പോകാൻ കഴിയില്ല. കാരണം നിയമസഭക്ക് എതിരായി അവർക്ക് കേസ് കൊടുക്കാൻ കഴിയില്ല. പക്ഷെ, ബില്ല് പാസാകുകയാണെങ്കിൽ ട്രൈബ്യൂണലിന് എതിരായി കോടതിയിൽ പോകാം. അവർ വലിയ രീതിയിൽ പണമൊഴുക്കി വക്കീലിനെ കൊണ്ടുവന്ന് വാദിക്കും. അതും നമുക്ക് നേരിടേണ്ടതായി വരും.

**എന്തെങ്കിലും സന്ദേശം ഒപ്പം നൽകാതെ ബിൽ ഇത്തരത്തിൽ രാഷ്ട്രപതിക്ക് ബിൽ തിരിച്ചയക്കാൻ കഴിയുമോ? എന്തെങ്കിലും തരത്തിലുള്ള ഭരണഘടനാപരമായ ലംഘനങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ?**

രാഷ്ട്രപതി ഒരു സന്ദേശവും നൽകാതെയാണ് ബിൽ തിരിച്ചയച്ചിരിക്കുന്നത്. തിരിച്ചയയ്ക്കുന്നതിനുള്ള കാരണം വ്യക്തമാക്കാൻ രാഷ്ട്രപതിക്ക് ബാധ്യതയുണ്ട്. ഭരണഘടനാലംഘനം ഉണ്ടോ എന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ. ഗവർണറും രാഷ്ട്രപതി ഭവനുമായുള്ള സംഭാഷണങ്ങൾ നടക്കുന്നത് ആഭ്യന്തര മന്ത്രാലയം വഴിയാണ്. ഗവർണർ രാഷ്ട്രപതിക്ക് കൈമാറേണ്ട ഫയലുകൾ ആഭ്യന്തര മന്ത്രാലയത്തിനാണ് അയക്കുന്നത്. ഗവർണ്ണറു

ടെ ഓഫീസിൽ നിന്നും സർക്കാറിന് അയച്ച കത്തിൽ രാഷ്ട്രപതി ബിൽ മടക്കിയതിന്റെ വിശദീകരണങ്ങളൊന്നുമില്ല. സോളിസിറ്റർ ജനറൽ രഞ്ജിത്ത് കുമാർ കൊടുത്ത പ്രതികരണം മാത്രമാണ് കത്തിന്റെ കൂടെയുണ്ടായിരുന്നത്. അഭിഭാഷകനായ കെ.കെ. വേണുഗോപാൽ  മുമ്പ് കൊക്കക്കോളയ്ക്ക് വേണ്ടി പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ് സോളിസിറ്റർ ജനറലും ഇപ്പോൾ ആവർത്തിച്ചിരിക്കുന്നത്. നവംബറിലാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും ബില്ല് ഇവിടേക്ക് അയയ്ക്കുന്നത്. കുറേക്കാലത്തേക്ക് ഇക്കാര്യം ആരും അറിഞ്ഞില്ല എന്നതാണ് സത്യം. ഡിസംബർ 4ന് ആണ് ഗവർണറുടെ ഓഫീസിൽ ബില്ല് എത്തിയത്. സർക്കാറിന്റ കാലാവധി കഴിയുന്നതിന് മുമ്പ് എന്തെങ്കിലും തീരുമാനമെടുക്കാൻ അവർക്ക് സമയമുണ്ടായിരുന്നു. അവർ ഒന്നിനും ശ്രമിച്ചില്ല എന്നത് നിർഭാഗ്യകരമാണ്.

സാധാരണഗതിയിൽ പ്ലാച്ചിമടക്കാർ ഹരിത ട്രിബ്യൂണലിൽ കേസിന് പോയാൽ  എതിർകക്ഷിയായി കൊക്കക്കോളയുമുണ്ടാകും. അഞ്ച് വർഷം മുമ്പുണ്ടായ വിഷയം ഇവിടെ സ്വീകരിക്കാൻ പാടില്ലെന്ന് അവർ ഹരിത ട്രിബ്യൂണലിൽ എതിർ വാദമുന്നയിക്കും. കോടതിക്ക് അക്കാര്യത്തിൽ ഒന്നും ചെയ്യാൻ പറ്റില്ല. കേസ് തള്ളിപ്പോകും. അതുകൊണ്ടുതന്നെ ഹരിത ട്രിബ്യൂണലിനെ സമീപക്കണം എന്ന സോളിസിറ്റർ ജനറലിന്റെ വാദത്തിൽ ഒരു കഴമ്പുമില്ല.

**സംസ്ഥാന നിയമസഭയുടെ ലെജിസ്ലേറ്റീവ് കോംപീറ്റൻസിയെ ഈ നടപടി ചോദ്യം ചെയ്യുന്നുണ്ടോ? ഫെഡറൽ സംവിധാനത്തിന്റെ സാധ്യതകൾക്കുള്ളിൽ നിന്നുകൊണ്ട് എങ്ങനെയാണ് നിയമസഭക്ക് ഈ പ്രതിസന്ധിയെ മറികടക്കാൻ കഴിയുന്നത്? ബിൽ കേരളത്തിന്റെ പരിധിക്കുള്ളിൽ തന്നെ പാസാക്കിയെടുത്തുകൊണ്ട് ട്രിബ്യൂണൽ യാഥാർഥ്യമാക്കാൻ കഴിയുമോ?**

സംസ്ഥാന നിയമസഭയുടെ ലെജിസ്ലേറ്റീവ് കോംപിറ്റൻസിയെ ചോദ്യം ചെയ്തുകൊണ്ടാണ് ബിൽ തിരിച്ച് അയച്ചിരിക്കുന്നത്. സോളിസിറ്റർ ജനറലിന്റെ ഒരു കത്ത് ബിൽ മടക്കിയതിനൊപ്പം അയയ്ക്കേണ്ട കാര്യമില്ല. കേന്ദ്ര നിയമങ്ങളുമായി ബില്ലിൽ പറയുന്ന കാര്യങ്ങൾക്ക് ഒരു ബന്ധവുമില്ല. ഉദ്ദാഹരണത്തിന് ഇപ്പോൾ അവർ പറയുന്നത് ഗ്രീൻ ട്രിബ്യൂണൽ ആക്ട് ഉണ്ടാക്കിയത് അന്താരാഷ്ട്ര ഉടമ്പടികൾ നടപ്പാക്കാനാണ് എന്നാണ്. അന്താരാഷ്ട്ര ഉടമ്പടികൾ അനുസരിച്ചുള്ള നിയമം നടപ്പാക്കാനുള്ള അവകാശം കേന്ദ്ര സർക്കാറിനാണ്, പാർലമെന്റിനാണ്. പക്ഷെ പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാറിനോ പാർലമെന്റിനോ ഒന്നും ചെയ്യാനില്ല. കാരണം നമ്മൾ ഇവിടെ നിയമം നിർമ്മിച്ചത് ഭരണഘടനയിൽ പറയുന്ന ജീവിക്കാനുള്ള മൗലിക അവകാശം ലംഘിക്കപ്പെട്ടത് സംബന്ധിച്ചാണ്. അപ്പോൾ അതിന് പരിഹാരം ഉണ്ടാക്കുക എന്നത് സംസ്ഥാന സർക്കാറിന്റെ ബാധ്യതയാണ്. 'പൊല്യൂട്ടർ പെയ്സ് പ്രിൻസിപ്പൾ' എന്ന് പറയുന്നത് ലോകവ്യാപകമായി അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്-മലിനീകരണം നടത്തിയ യാൾ അതിന് വിലനൽകണം. ആ തത്വമനുസരിച്ച് ഒരു സംസ്ഥാന നിയമസഭയ്ക്ക് നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള ഒരു നിയമം പാസാക്കിയെടുക്കാൻ കഴിയും.

**സോളിസിറ്റർ ജനറൽ, മുമ്പ് കൊക്കക്കോളയുടെ അഭിഭാഷകർ ഉന്നയിച്ച അതേ നിയമതടസ്സങ്ങൾ ആവർത്തിച്ചുകൊണ്ട് ഹരിത ട്രിബ്യൂണലിനെ സമീപിക്കാൻ പറയുന്നുണ്ടല്ലോ. നിലനിൽക്കാത്ത ഈ വാദം വീണ്ടും ഉന്നയിക്കപ്പെടുന്നതിനെ എങ്ങിനെയാണ് സംസ്ഥാന സർക്കാറിനും പ്ലാച്ചിമട സമരത്തിനും നേരിടാൻ കഴിയുന്നത്?**

കേന്ദ്ര സർക്കാറാണ് ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് ഉണ്ടാക്കിയത്. ഈ നിയമത്തിൽ, കേസിന് ആസ്പദമായ സംഭവമുണ്ടായി അഞ്ച് വർഷത്തിനുള്ളിൽ ഹരിത ട്രിബ്യൂണലിനെ സമീപിക്കണമെന്ന് പറയുന്നുണ്ട്. പ്ലാച്ചിമട പ്രശ്നം അഞ്ച് വർഷം മുമ്പുണ്ടായതാണ്. സാധാരണഗതിയിൽ പ്ലാച്ചിമടക്കാർ ഹരിത ട്രിബ്യൂണലിൽ കേസിന് പോയാൽ  എതിർകക്ഷിയായി കൊക്കക്കോളയുമുണ്ടാകും. അഞ്ച് വർഷം മുമ്പുണ്ടായ വിഷയം ഇവിടെ സ്വീകരിക്കാൻ പാടില്ലെന്ന് അവർ ഹരിത ട്രിബ്യൂണലിൽ എതിർ വാദമുന്നയിക്കും. കോടതിക്ക് അക്കാര്യത്തിൽ ഒന്നും ചെയ്യാൻ പറ്റില്ല. കേസ് തള്ളിപ്പോകും. അതുകൊണ്ടുതന്നെ ഹരിത ട്രിബ്യൂണലിനെ സമീപക്കണം എന്ന സോളിസിറ്റർ ജനറലിന്റെ വാദത്തിൽ ഒരു കഴമ്പുമില്ല. മാത്രമല്ല, പ്ലാച്ചിമടക്കാരെല്ലാം, ഏകദേശം 900 കുടുംബങ്ങളുണ്ട്, അവിടെപ്പോയി കേസ് നടത്തുക എന്നത് അസാധ്യമായ കാര്യമാണ്. സോളിസിറ്റർ ജനറൽ പറയുന്നത് നമ്മൾ ഹരിത ട്രിബ്യൂണലിൽ

പോകുമ്പോൾ വൈകിയതിന്റെ വിശദീകരണം പറഞ്ഞാൽ മതി എന്നാണ്. പക്ഷെ അതിൽ കാര്യമൊന്നുമില്ല. നിയമത്തിൽ കൂട്ടിച്ചേർക്കൽ നടത്താനൊന്നും സോളിസിറ്റർ ജനറലിന് പറ്റില്ലല്ലോ. നമ്മൾ കേസ് കൊടുത്താൽ ഹരിത ട്രിബ്യൂണൽ അത് പറ്റില്ല എന്ന് പറയും. അപ്പോൾ അക്കാര്യം വ്യക്തമാകും. തന്നെയുമല്ല, അതിന്റെ ആവശ്യവുമില്ല. ബില്ല് വീണ്ടും നിയമസഭയിൽ വയ്ക്കണം എന്നതാണ് പ്ലാച്ചിമട സമരം ഉയർത്തേണ്ട ആവശ്യം. അവസാന നിയമസഭ സമ്മേളനത്തിലും ബില്ലിന്റെ കാര്യം ചർച്ചാവിഷയമായില്ല. ജോസ് തെറ്റയിലോ മറ്റോ നോട്ടീസ് കൊടുത്തിരുന്നു. പക്ഷെ ആ സമയം പ്രതിപക്ഷത്തിന്റെ ഇറങ്ങിപ്പോക്ക് ഉണ്ടായിരുന്നു. ആരും അത് കാര്യമായെടുത്തില്ല.

**പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ രൂപപ്പെടുത്തുമ്പോൾ ഹരിത ട്രിബ്യൂണൽ  നിയമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേരളത്തിന്റെ ശ്രദ്ധയിൽ വന്നിരുന്നോ?**

അതിൽ രണ്ട് കാര്യങ്ങളുണ്ട്. നമ്മൾ നിയമം പാസാക്കുമ്പോൾ ഹരിത ട്രിബ്യൂണൽ നിലവിലില്ല. ആക്ട് പാർലമെന്റിൽ പാസായിട്ടുണ്ട്. പക്ഷെ ട്രിബ്യൂണൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യപ്പെട്ടിരുന്നില്ല. 2011 ആഗസ്ത് മാസത്തിലാണ് ഹരിത ട്രിബ്യൂണൽ രൂപീകരിക്കുന്നത്. നമ്മൾ നിയമം പാസാക്കുന്നത് ഫെബ്രുവരി മാസത്തിലാണ്. മാർച്ചിൽ രാഷ്ട്രപതിക്ക് അയച്ചുകൊടുത്തു. പിന്നെ, ട്രിബ്യൂണൽ ബില്ലിന് രൂപം നൽകുന്ന സമയത്ത് കേരളം ഒരിക്കലും ഇത് കേന്ദ്രത്തിലേക്ക് പോകുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. അങ്ങനെ പോകാതിരിക്കാൻ വേണ്ടിയിട്ടാണ് സംസ്ഥാന വിഷയങ്ങൾ ഉൾപ്പെടുത്തി നിയമം കൊണ്ടുവന്നത്. നിയമം ഉണ്ടാക്കുന്നത് ഒരു നീണ്ട പ്രോസസ്സ് ആണ്. അന്ന് വേറൊരു സാധ്യത ഉണ്ടായിരുന്നത് പരിസ്ഥിതി സംരക്ഷണ നിയമം അനുസരിച്ച് ഒരു അതോറിറ്റി ഉണ്ടാക്കാമെന്നതാണ്. അത് കോസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടത് സംസ്ഥാനത്തല്ല, കേന്ദ്രത്തിലാണ്. അങ്ങനെ വന്നാൽ സംസ്ഥാനത്തിന്റെ പുറത്ത് മറ്റ് സ്വാധീനങ്ങളുണ്ടാകുന്നത് തടയാനാണ് സംസ്ഥാനത്ത് തന്നെ ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നിയമമുണ്ടാക്കിയത്.

**കേന്ദ്രത്തിൽ പരിസ്ഥിതി സംബന്ധമായ എല്ലാ വിഷയങ്ങളെയും സംബോധന ചെയ്യാൻ ഒരു നിയമം നിർമ്മിക്കപ്പെട്ടു കഴിഞ്ഞാൽ അതിനെ മറികടന്നുകൊണ്ട് സംസ്ഥാനത്തിന് ഒരു നിയമം ഉണ്ടാക്കാൻ പറ്റുമോ?  അങ്ങനെയെങ്കിൽ സംസ്ഥാനത്തിന്റെ അധികാരങ്ങളിൽ ദേശീയ ഹരിത ട്രിബ്യൂണൽ കൈകടത്തുന്നു സാഹചര്യമുണ്ടാകുമോ?**

സംസ്ഥാന വിഷയങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള കാര്യങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ അതിനുള്ള നഷ്ടപരിഹാരം ചോദിക്കാൻ സംസ്ഥാനത്തിന് അവകാശമുണ്ട്. കേന്ദ്ര സർക്കാർ പൊതുവെ ഇത്തരം അധികാരങ്ങളെ കവർന്നെടുക്കുന്നുണ്ട്. ഹരിത ട്രിബ്യൂണൽ മാത്രമല്ല പല പരിസ്ഥിതി നിയമങ്ങളും സംസ്ഥാനത്തിന്റെ അധികാരങ്ങളെ കവർന്നുകൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഉദാഹരണത്തിന് വെറ്റ്ലാന്റ് (കസർവേഷൻ ആന്റ് മാനേജ്മെന്റ്) റൂൾസ് 2010 ന്റെ കാര്യം നോക്കാം. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ് വെറ്റ്ലാന്റ് (കസർവേഷൻ ആന്റ് മാനേജ്മെന്റ്) റൂൾസ് കൊണ്ടുവന്നത്. തണ്ണീർത്തടവും ജലവുമെല്ലാം സംസ്ഥാന വിഷയമാണ്. ഇത്തരത്തിൽ റൂൾസ് ഉണ്ടാക്കുന്നത് സംസ്ഥാനത്തിന്റെ അധികാരത്തിന് മേലുള്ള കൈകടത്തലാണ്. കേന്ദ്രം വാട്ടർ ആക്ട് ഉണ്ടാക്കിയപ്പോൾ സംസ്ഥാന നിയമസഭകളുടെ അനുവാദം ചോദിച്ചിരുന്നു. അതുപ്രകാരം കേരള നിയമസയും ഒരു പ്രമേയം പാസാക്കുകയായിരുന്നു. പലപ്പോഴും ഇത്തരം മര്യാദകൾ പാലക്കപ്പെടാറില്ല.

**പ്ലാച്ചിമട സമരത്തിന് മുന്നിൽ ഇനിയുള്ള സാധ്യതകൾ എന്തെല്ലാമാണ്?**

എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ടുമായി ബന്ധപ്പെട്ട് തങ്ങളുടെ ശുദ്ധജല സ്രോതസ്സ് നശിപ്പിച്ചതിനെതിരെ പ്ലാച്ചിമടയിലെ ആദിവാസി ജനത പോലീസിൽ പരാതി കൊടുത്തിരുന്നു. പരാതി കൊടുത്തിട്ടും പോലീസ് നടപടിയൊന്നും എടുത്തില്ല. കേസെടുക്കാത്തതിനാൽ പോലീസിനെതിരെ നടപടിയെടുക്കാനുള്ള വകുപ്പ് ആ നിയമത്തിൽ തന്നെയുണ്ട്. കേസ് ഇപ്പോഴും രജിസ്ടർ ചെയ്തിട്ടില്ല. വിഷയത്തിൽ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്തെയും കേന്ദ്രത്തിലെയും എസ്.സി-എസ്.ടി കമ്മീഷനെ പ്ലാച്ചിമട സമരപ്രവർത്തകർ സമീപിച്ചിരിക്കുകയാണ്. കൊക്കക്കോളയുടെ ഓഫീസ് പാലക്കാട് ഉണ്ട്, കൊച്ചിയിൽ ഉണ്ട്. അവിടെ ഒന്നും പോയി അന്വേഷിക്കാൻ സാധാരണ പൊലീസിന് കഴിയില്ല. അതുകൊണ്ട് നമുക്കൊരു സ്പെഷൽ ഇൻവസ്റ്റിഗേഷൻ ടീം തന്നെ വേണം.

എസ്.സി/എസ്.ടി നിയമപ്രകാരം കൊക്കക്കോളയ്ക്കെതിരെ കേസെടുക്കണമെന്ന് സംസ്ഥാന സർക്കാർ പൊലീസിന് നിർദേശം

നൽകണം. അതുപോലെതന്നെ കേസെടുക്കാൻ കൂട്ടാക്കാതിരുന്ന, പൊലീസ് ഉദ്യോഗസ്ഥർമാർക്കെതിരെ നടപടി എടുക്കുകയും വേണം. അതും നടക്കുന്നില്ല എങ്കിൽ കോടതിയെ സമീപിക്കേണ്ടി വരും. കോടതിയിൽ പോയാൽ ചെലവും മറ്റ് അലവൻസുകളും വാദിക്ക് കൊടുക്കാൻ ഈ നിയമപ്രകാരം സർക്കാർ ബാധ്യസ്ഥമാണ്. ഇത്ര ശക്തമായും വ്യക്തമായും കാര്യങ്ങൾ പറയുന്ന നിയമം പോലും ലംഘിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിയമപ്രകാരം കേസ് എടുക്കുകയാണെങ്കിൽ ഉറപ്പായിട്ടും കോളയുടെ മേധാവിയെ അറസ്റ്റ് ചെയ്യാം. അവർക്ക് വലിയ വക്കീലെല്ലാം ഉള്ളതുകൊണ്ട് ചിലപ്പോ ജയിലിലൊന്നും പോകില്ല. സ്വകാര്യ നിക്ഷേപങ്ങൾക്ക് വിധേയരായിത്തീർന്നിരിക്കുന്ന സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്നതാണ് സ്ഥിതി. വലിയൊരു ബഹുജന പ്രക്ഷോഭം ജനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്.

പിന്നെയുള്ള സാധ്യത വാട്ടർ ആക്ട് അനുസരിച്ചുള്ള കേസാണ്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അതനുസരിച്ച് കമ്പനിക്കെതിരെ കേസിന് പോകാവുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി കമ്പനി പറഞ്ഞത്, ഇതേ വിഷയത്തിൽ ചിറ്റൂർ കോടതിയിൽ ഒരു സ്വകാര്യ വ്യക്തി കേസ് അന്യായം ഫയൽ ചെയ്തിട്ടുണ്ടെന്നും അതിനാൽ വേറൊരു കേസ് കൊടുക്കാൻ പറ്റില്ല എന്നുമാണ്. അത് കൊക്കക്കോളയുടെ അഭിപ്രായമാണ്. നിയമപരമായി ആ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിന് ബാധ്യതയുണ്ട്. അറിഞ്ഞിടത്തോളം സംശയാസ്പദമായിട്ടുള്ള ഒരു വ്യക്തിയാണ് ചിറ്റൂർ കോടതിയിൽ ആ കേസ് കൊടുത്തിട്ടുള്ളത്. ശരിയായ കേസ് മറ്റാരെങ്കിലും എടുക്കുന്നതിൽ നിന്നും കമ്പനിയെ ഒഴിവാക്കാൻ വേണ്ടിയുള്ള ശ്രമമായിട്ടാണ് ഇതിനെ കാണാൻ കഴിയുക.

2007ൽ വാട്ടർ ആക്ട് പ്രകാരം കമ്പനിക്ക് കാരണം കാണിക്കൽ നോട്ടീസ് കൊടുത്തതിന് ശേഷം മലിനീകരണ നിയന്ത്രണ ബോർഡ് പിന്നെ യാതൊരു നടപടിയും എടുത്തിട്ടില്ല. അതെന്താണെന്ന് അന്വേഷിക്കുകയും അതിന്റെ മേലെ നടപടി എടുക്കുകയും ചെയ്യേണ്ടതുണ്ട്. പ്ലാച്ചിമട പോലുള്ള വിഷയങ്ങൾ സംഭവിക്കുന്നത് പി.സി.ബി പോലുള്ള സ്റ്റാറ്റ്യൂട്ടറി ബോഡികൾക്കുള്ള ഉത്തരവാദിത്തക്കുറവുകൊണ്ട് തന്നെയാണ്. കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി കൊക്കക്കോള പറഞ്ഞ വാദം അഭിഭാഷകരുമായി കൂടി ആലോചിക്കുക പോലും ചെയ്യാതെ ബോർഡ് അതേപോലെ അംഗീകരിച്ചു. ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ പി.സി.ബി പൂർണമായി പരാജയപ്പെട്ടിരിക്കുന്നു എന്ന് ഇത് വ്യക്തമാകുന്നുണ്ട്. ■